(സി ഉണ്ട്.

(ഡി) പരിശോധന നടത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രധാന മായും വെളിച്ചെണ്ണ, മുളക്പൊടി, പാൽ, നെയ്യ്, ചോക്ലേറ്റ്, പഴവർഗ്ഗങ്ങൾ, പച്ചക്ക റികൾ തുടങ്ങിയവയിലാണ് മായം കലർത്തിയിട്ടുള്ളതായി തെളിഞ്ഞിട്ടുള്ളത്.

(ഇ) ഉണ്ട്. ഈ സാമ്പത്തിക വർഷം പരിശോധന നടത്തിയ 516 വെളി ച്ചെണ്ണ സാമ്പിളുകളിൽ 34 എണ്ണം മായം കലർന്നതായി കണ്ടെത്തിയിട്ടുണ്ട്.

(എഫ്) വ്യാജ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന മില്ലുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മായം ചേർത്ത ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത് തടയാൻ 1954-ലെ കേന്ദ്ര ഭക്ഷ്യ മായംചേർക്കൽ നിരോധന നിയമവും ചട്ടവും സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള കേരള ഭക്ഷ്യമായംചേർക്കൽ നിരോധന ചട്ടം പരിഷ്കരിച്ചത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ആയത് നിലവിൽ വന്നാലുടൻ ആരോഗ്യത്തിന് ഹാനികരമായ ഭക്ഷണ പദാർത്ഥങ്ങൾ സംസ്ഥാനത്ത് നിരോധിക്കുന്നതിന് വേണ്ട നടപടികൾ കൂടുതൽ ഫലവത്തായി കൈക്കൊള്ളാനാകും.

ഡെങ്കിപ്പനി നിർമ്മാർജ്ജനം

*12 [162] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡെങ്കിപ്പനി വീണ്ടും പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടു ള്ളതെന്നറിയിക്കാമോ;

(സി) പ്രസ്തുത രോഗത്തിനെതിരെ ജാഗ്രത പുലർത്താനും അത് പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഡെങ്കിപ്പനി ചില സ്ഥലങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(ബി) കൊതുകുകടിമൂലം പകരുന്ന ഒരു വൈറസ് രോഗമാണ് ഡെങ്കിപ്പനി. ഈ പകർച്ചവ്യാധി ഉണ്ടായപ്പോൾ മുതൽ സ്വീകരിച്ച നിയന്ത്രണ നടപടികൾ എല്ലാംതന്നെ സംസ്ഥാനത്ത് ഇപ്പോഴും തുടർന്നും ചെയ്തുകൊണ്ടിരി ക്കുകയാണ്. രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ കൊതുകി നെപ്പറ്റി പഠനം നടത്തി കൊതുകുകളുടെ സാന്ദ്രത മനസ്സിലാക്കി നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൊതുകുജന്യരോഗങ്ങളെപ്പറ്റി ആരോഗ്യ വകുപ്പ് കൂടുതൽ ജാഗ്രതയോടുകൂടി വിവിധ വകുപ്പുകളുടെയും ജനങ്ങളുടെ പങ്കാളിത്ത ത്തോടെയും സഹകരണത്തോടെയും നിയന്ത്രണപ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) എല്ലാ പകർച്ചവ്യാധികളും പ്രത്യേകിച്ച് ഡെങ്കിപ്പനി ഉണ്ടാകുന്നത് ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമാക്കിയുള്ള ശാസ്ത്രീയമായ കർമ്മ പരിപാടികൾ ആരോഗ്യവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഈ രോഗങ്ങൾക്കെതിരെ അതീവ ജാഗ്രത പുലർത്തുന്നതോടൊപ്പം മറ്റു വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കി നിയന്ത്രണ പരിപാടികൾ നടത്തുന്നുണ്ട്. ഡെങ്കിപ്പനിക്കെതിരെ ഒരു വാക്സിൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈ പകർച്ചവ്യാധി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുവാൻ ബുദ്ധിമുട്ടാണ്. നിയന്ത്രണ പരിപാടികൾ കൈക്കൊള്ളുക മാത്രമേ നിർവ്വാഹമുള്ളൂ. രോഗവ്യാപനം തടയുവാനും രോഗ ബാധിതരെ ചികിത്സിച്ച് സുഖപ്പെടുത്തുവാനും ഉള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തുവരുന്നു.

ശാസ്ത്രീയ പിൻബലമില്ലാത്ത ആരോഗ്യ സംരക്ഷണ വസ്തുക്കളുടെയും രോഗശമന ഉൽപ്പന്നങ്ങളുടെയും വിപണനം തടയുന്നതിന് നടപടി

*13 [163] ഡോ. തോമസ് ഐസക്:
ശ്രീ. മഞ്ഞളാംകുഴി അലി:
„ ടി. പി. രാമകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പിൻബലമേതുമില്ലാത്ത ആരോഗ്യ സംരക്ഷണ വസ്തുക്കളും രോഗശമന ഉൽപ്പന്നങ്ങളും സംസ്ഥാനത്ത് വൻതോതിൽ വിറ്റഴിക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ആരോഗ്യ സംരക്ഷണത്തിന്റെ പേരിൽ ജനങ്ങളെ ചൂഷണം ചെയ്യുന്ന ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിനും അനധികൃതമായി ഗോഡൗണുകളിൽ സൂക്ഷിക്കുന്ന ഉൽപ്പന്നങ്ങൾ കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഇത്തരം ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിൽപ്പനക്കെത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ചെന്നൈയിലുള്ള കോണിബയോ ഹെൽത്ത് കെയർ എന്ന സ്ഥാപനം ഇത്തരം ഉൽപ്പന്നങ്ങൾ ഈ സംസ്ഥാനത്ത് വിൽപ്പന നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly